വ്യവസായവും തൊഴിലും‌മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) കൃത്യമായി പറയാൻ നിർവ്വാഹമില്ല.

(ബി) പൊതുമേഖലയിൽ.

(സി) ഇപ്പോഴും പറയാൻ പ്രയാസമാണ്.

UNSTARRED QUESTIONS AND ANSWERS

മെത്തപ്പാവ്യവസായ സഹകരണ സംഘം

47 (459) ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും‌മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മെത്തപ്പാവ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഖാദികമ്മീഷൻ നൽകുന്ന സഹായധനം ഉപയോഗപ്പെടുത്തി തഴപ്പാവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനു പ്രതിബന്ധമായി ഇന്നു നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള അടിയന്തിരനടപടി സ്വീകരിക്കുമോ.

ഉത്തരം

(എ) ഇരുപത്തി എട്ട്.

(ബി) ഖാദികമ്മീഷൻ നൽകുന്ന ധനസഹായം ഉപയോഗപ്പെടുത്തി തഴപ്പാവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനു പ്രതിബന്ധമായി നിൽക്കുന്ന വ്യവസ്ഥകളെ യുക്താനുസരണം ഭേദഗതി ചെയ്യുവാൻ ജില്ലാ വ്യവസായ ഉദ്യോഗസ്ഥൻമാർക്കും മറ്റു സഹകരണ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ADJOURNMENT MOTION

Lathi charge by the Police on the Jatha organised to support of the strike by the employees of the K. S. R. T. C.

മി. സ്പീക്കർ: ട്രാൻസ്പോർട്ടുതൊഴിലാളിസമരത്തോടു അനുഭാവം രേഖപ്പെടുത്താൻ പൊതുയോഗത്തിൽ സംബന്ധിക്കാനെത്തിയ പ്രകടന ജാഥയെ ആക്രമിച്ചതിനെത്തുടർന്ന് നിലവിലിരിക്കുന്ന ഗുരുതരമായ അവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു റൂൾ 49 അനുസരിച്ച് ശ്രീമതി കെ. ആർ. ഗൗരി തുടങ്ങി 12 ബഹുമാനപ്പെട്ട മെംബർമാർ നോട്ടീസ് തന്നിട്ടുണ്ട്.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

സർ, ഇന്നലെ ഏകദേശം 6.40—ന് 800—ഓളം പേരടങ്ങിയ ഒരു ജാഥ ട്രാൻസ്പോർട്ടുസമരസഹായസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുകയുണ്ടായി—ആ ജാഥയുടെ മുമ്പിലുള്ള ഭാഗം 8.5—ന് ഓവർബ്രിഡ്ജ് മൈതാനത്തിൽ എത്തിച്ചേർന്നു. അവിടെ ഒരു പൊതുയോഗം ചേരാൻ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. പ്രേക്ഷകരായി റോഡിന്റെ എല്ലാ ഭാഗങ്ങളിലും നിന്നിരുന്ന ആളുകൾ ട്രാഫിക്കിന് തടസ്സം ഉണ്ടാകത്തക്കവിധത്തിൽ റോഡിലേക്ക് മുറിച്ചുകടന്നപ്പോൾ വഞ്ചിയൂരിലെ ഡിവിഷണൽ എസ്. ഐ. ഗോപിനാഥൻനായർ അവിടെയുണ്ടായിരുന്നു. അദ്ദേഹം ആ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ ശ്രമിക്കുകയും റോഡിന്റെ ഒരുസൈഡിലേക്ക് മാറിനിൽക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുയും ചെയ്തിരുന്നു. അവരെല്ലാവരും അതനുസരിച്ചു് മാറിക്കൊണ്ടിരുന്നു. അപ്പോൾ അവിടെ ഉണ്ടായിരുന്ന മോഹനൻ എന്ന ആൾ എസ്. ഐ. പറഞ്ഞതു കൂട്ടാക്കുകയോ അവിടെനിന്നു മാറാൻ സമ്മതിക്കുകയോ ചെയ്തില്ല. അദ്ദേഹത്തെ കൈപിടിച്ച് റോഡിന്റെ സൈഡിൽ ആക്കാൻ പരിശ്രമിച്ചു. അതിനെത്തുടർന്ന് നാലഞ്ചുപേർ വന്ന് എസ്. ഐ. യുടെ നേരെ ചെറിയ ഒരു ബഹളം ഉണ്ടാക്കുകയും ചെയ്തു. ഇതു കണ്ടപ്പോൾ അടുത്തുണ്ടായിരുന്ന ഹാൻഡ്ലൂം വീവേഴ്സ് കോവാപ്പ റേറീവ് സൊസൈറ്റിയുടെ ഷട്ടർ ഇടുകയും എന്തോ ബഹളം ഉണ്ടായി എന്നു വിചാരിച്ച് കട പൂട്ടിക്കളയാൻ ശ്രമിക്കുകയും ചെയ്തു. അപ്പോൾ റോഡിൽനിന്നിരുന്ന ആളുകളെല്ലാം ഒരു ലാത്തിച്ചാർജ് ഉണ്ടായി എന്നു ധരിച്ച് ഓടാൻതുടങ്ങി. കൺറോൾമെന്റ് ഡിവിഷണൽ ഇൻസ്പെക്ടർ ശ്രീ.മാൻ ലക്ഷ്മണപണിക്കർ ഒരു വാനിൽ ജാഥയെ അനുഗമിക്കുന്നുണ്ടായിരുന്നു. അദ്ദേഹം വാനിൽനിന്ന് താഴെ ഇറങ്ങുകയും സ്ഥിതി നിയന്ത്രിക്കാൻ വേണ്ടി ശ്രമിക്കുകയുംചെയ്തു. ഈ ഓട്ടത്തിൽ കുറെ ആളുകൾ നിലത്തു വീഴുകയുണ്ടായി. ഓവർബ്രിഡ്ജ് മൈതാനത്തിനടുത്തു ഏർപ്പാടു ചെയ്തിരുന്ന യോഗം 8.10-ന് ആരംഭിച്ചു. ആ യോഗത്തിൽവച്ച് ലാത്തിയുടെ കഷണമാണെന്നു വിശേഷിപ്പിക്കപ്പെട്ട ഒരു കഷണം മുള ലേലം ചെയ്യുകയും അവിടെ ലാത്തിച്ചാർജ് നടന്നു എന്നുള്ള രീതിയിൽ ചില പ്രസംഗങ്ങൾ നടക്കുകയുംചെയ്തു. യോഹന്നാൻ എന്നുപേരുള്ള ഒരാളെ ഈ ജാഥയുടെയും യോഗത്തിന്റെയും ഭാരവാഹികൾ ജനറൽ ആശുപത്രിയിൽ 8.35-ന് പ്രവേശിപ്പിക്കുകയുണ്ടായി. ലാത്തിച്ചാർജ് മൂലം പരിക്കു പറ്റിയതാണെന്നാണ് അവർ പറഞ്ഞത്. ഉരസൽമൂലം അദ്ദേഹത്തിന്റെ വലതുകൈ ഉരഞ്ഞിട്ടുണ്ട്. അതിനുപുറമേ അദ്ദേഹത്തിന്റെ തലയോട്ടിയുടെ പാർശ്വാസ്ഥിയിൽ മുറിവും പറ്റിയിട്ടുണ്ട്. പോലീസ് ബലം പ്രയോഗിച്ചിട്ടില്ല. പോലീസ് ലാത്തിച്ചാർജ് നടത്തി എന്നുള്ള ഒരു ഭീതിയെത്തുടർന്ന് ഓടിയപ്പോഴാണ് പരിക്കു പറ്റിയതെന്നാണ് വിവരം. അതുകൊണ്ട് ഇത് ഒരു അടിയന്തിരപ്രമേയമായി ചർച്ചചെയ്യേണ്ട ആവശ്യം ഉണ്ടായിട്ടില്ലെന്നു ഞാൻ അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ: ഒരു പത്രപ്രവർത്തകനെ ഉപദ്രവിച്ചു എന്നു കൂടി ഇതിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഞാൻ പ്രസ്താവിച്ച മോഹനൻ എന്ന ആൾ ദേശാഭിമാനി പത്രത്തിന്റെ റിപ്പോർട്ടർ ആണെന്നാണുതോന്നുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: ട്രാൻസ്പോർട്ടു സമരസഹായസമിതിയുടെ നേതൃത്വത്തിൽ ഒരു ഘോഷയാത്ര നടക്കുകയും ഘോഷയാത്രയുടെ പുറകിൽ നിന്നുകൊണ്ട് യാതൊരു പ്രകോപനവുമില്ലാതെ ലാത്തികൊണ്ട് അടിക്കുകയുമാണു ചെയ്തത്. ലാത്തിച്ചാർജ് നടന്നതിന്റെ പേരിൽ വളരെയധികം ആളുകൾക്ക് പരിക്കു പറ്റിയിട്ടുണ്ട്. അടിച്ചുശരിയാക്കിക്കഴിഞ്ഞിതിനു ശേഷം ലാത്തിവന്നു, ഉരസൽവന്നു, മുറിവുവന്നു, ഷട്ടർവീണു എന്നൊക്കെയാണു പറയുന്നത്. ലാത്തിച്ചാർജു തുടർച്ചയായി നടത്തി. പത്രപ്രതിനിധിയായ മോഹനനെ കൈയേറ്റം നടത്തുന്നതിനുള്ള ശ്രമം നടത്തി. പിടിച്ചു വലിച്ചുമാറ്റി നിറുത്തി എന്നിട്ട് ഇതുപോലെയുള്ള ഒരു റിപ്പോർട്ട്—ഷട്ടർ

LIBRARY ARCHIVES Kerala Legislative Assembly

വീണു മറൊന്നും ഉണ്ടായിട്ടില്ല എന്നൊക്കെപ്പറയുന്ന റിപ്പോർട്ടുകൊണ്ടുവരികയാണ്. സർ, ഇതുപോലുള്ള ഒരു റിപ്പോർട്ട് ഇവിടെ വരുന്നതു സ്വൽപം സങ്കടമാണ്. ഒരു ഘോഷയാത്രപോലും നടത്താൻ സാധിക്കാതെവരികയാണ്. മീറ്റിംഗ് നടത്താൻ പറ്റുകയില്ല, എം. എൽ. എ. മാർക്കും പത്രക്കാർക്കും ഇവിടെ നടക്കാൻ പറ്റുകയില്ല. ഇതുപോലുള്ള ഒരു സ്ഥിതിവിശേഷത്തെപ്പറ്റി ചർച്ച ചെയ്യണമെന്നാവശ്യപ്പെടുകയാണ്. ഈ അടിയന്തിരപ്രമേയം അനുവദിക്കണമെന്നു ഞാനാവശ്യപ്പെടുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ ഈ യോഗസ്ഥലത്തുണ്ടായിരുന്നതാണ്.

Mr. Speaker : Smt. K. R. Gouri has stated what she has to say on behalf of the 12 members, who have given notice on behalf of these members, I think. Smt. Gouri has stated the case and she has stated it explicitly. If I am to allow all these twelve members to speak, it will not be possible.

(സഭയിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇങ്ങനെയായാൽ എനിക്ക് സഭ നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ല.

(സഭയിൽ വീണ്ടും ബഹളം)

മി. സ്പീക്കർ: ആർഡർ, ആർഡർ. സഭ ഇപ്പോൾ പിരിയുന്നതും 9.30-ന് വീണ്ടും കൂടുന്നതുമാണ്.

[The House adjourned at 9·13 a. m. and re assembled at 9.30 a.m.]

മി. സ്പീക്കർ: ബഹുമാന്യരായ സഭാംഗങ്ങളേ, ഇവിടെ ഒരു അടിയന്തിരപ്രമേയത്തെസംബന്ധിച്ചുള്ള പ്രശ്നമാണ് നാം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ അടിയന്തിരപ്രമേയത്തെസംബന്ധിച്ച് ഗവൺമെൻറുഭാഗത്തുനിന്നു പറയാനുള്ള കാര്യങ്ങൾ ബഹുമാന്യനായ മന്ത്രി പറഞ്ഞു. അതിനുശേഷം, ഈ പ്രമേയത്തിനു നോട്ടീസ് നൽകിയ ബഹുമാന്യരായ അംഗങ്ങളിൽ ബഹുമാന്യയായ ഗൗരിയമ്മ അവർക്കു പറയാനുള്ളത് അതുസംബന്ധിച്ച് പറഞ്ഞുകഴിഞ്ഞു. അതിനുശേഷം, അടിയന്തിരപ്രമേയത്തെക്കുറിച്ച് തീരുമാനമെടുക്കുന്നതിനുള്ള സമയമായിരുന്നു. ഈ സന്ദർഭത്തിൽ, ഈ സഭാനടപടികൾ മുന്നോട്ടുനടത്തിക്കൊണ്ടുപോകുവാൻ നിർവാഹമില്ലാത്ത ഒരു സ്ഥിതിവിശേഷം ഇവിടെ ഉണ്ടായി. സ്ഥിതിവിശേഷം ഉണ്ടായതിനെസംബന്ധിച്ച്, അത് ഖേദകരമായിപ്പോയി എങ്കിൽപ്പോലും, അതിന് ആരാണ് ഉത്തരവാദികൾ എന്നോ അത് എന്തുകൊണ്ട് ഉണ്ടായി എന്നോ ഉള്ളതിനെസംബന്ധിച്ച് ഞാൻ ഈ സന്ദർഭത്തിൽ പറയാൻ ഉദ്ദേശിക്കുന്നില്ല. നമ്മുടെ നിയമസഭ, ഇന്നു നടന്നതുപോലെയോ അതിൽ കൂടുതലോ ഗൗരവമുള്ള വളരെയേറെ അടിയന്തിരപ്രമേയങ്ങൾ ഇതിനു മുമ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. ആ പ്രമേയങ്ങളെസംബന്ധിച്ചുള്ള തീരുമാനങ്ങളും അന്നൊക്കെ എടുത്തിട്ടുണ്ട്. ഇന്നുണ്ടായപോലുള്ള ഒരു സ്ഥിതിവിശേഷം അന്നൊന്നും ഉണ്ടായിട്ടില്ലെന്നും ഞാൻ ഓർക്കുകയാണ്. തീർച്ചയായും, അടിയന്തിരപ്രമേയം കൊണ്ടുവന്ന ആളുകൾക്ക് വികാരങ്ങൾ ഉണ്ടാകാം അതു പ്രകടിപ്പിക്കേണ്ടതായിട്ടും വരാം. മറു ഭാഗത്തു പറയാനുള്ള കാര്യങ്ങൾ വിശദമായും ശക്തമായും പറയേണ്ടിയും വരും. പക്ഷേ നിയമസഭാ നടപടികൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയേണ്ടതാണ്. ആരും ആരുടെ നേരെയും സമ്മർദ്ദംചെലുത്തിയല്ല നിയമസഭാനടപടികളും സുഗമമായി നടത്തിക്കൊണ്ടുപോകേണ്ടതു്; ഇതുവരെ അങ്ങനെയല്ല നടത്തിക്കൊണ്ടുപൊയ്ക്കൊണ്ടിരുന്നതു്. അതുകൊണ്ടു് എത്ര യൊക്കെ വികാരങ്ങളും ഏതൊക്കെ പാർട്ടികളിൽ വളരെ പ്രബലമായി ഉണ്ടെങ്കിൽ പ്പോലും സഭാനടപടികളും കൈകാര്യംചെയ്യുന്നതിനുള്ള നടപടിക്രമമനുസരിച്ചും ഇതേവരെ നടന്ന രീതിയിലും സുഗമമായി കൈകാര്യം ചെയ്തുകൊണ്ടു പോകുന്നതിനും എല്ലാ പാർട്ടികളിലെയും എല്ലാ ബഹുമാനപ്പെട്ട അംഗ ങ്ങളുടെയും വിട്ടുവീഴ്ചയില്ലാത്ത സഹകരണം എനിക്കു നൽകണമെന്നു് വളരെയേറെ സ്നേഹപൂർവ്വം എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും അഭ്യർത്ഥിക്കുകയാണു്.

ശ്രീ. ഇ. എം. ജോർജ്: പോലീസ് അടിക്കുമോ എന്നുകൂടി അറിയണം.

മി. സ്പീക്കർ: സംസാരിച്ചുകഴിയുന്നതിനുമുൻപു് ഇങ്ങനെ പറഞ്ഞു തുടങ്ങിയാൽ എങ്ങനെയാണു്?

ഏതായാലും അതിനുവേണ്ടിയുള്ള സഹകരണം എല്ലാവരിൽനിന്നും ഉണ്ടായാലല്ലാതെ നടപടികളും മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ എല്ലാവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണു്. അതുണ്ടാകുമെന്നു തീർച്ചയായും പ്രതീക്ഷി ക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, അടിയന്തിരപ്രമേയത്തിന്റെ ചർച്ച വേണമെന്നോ വേണ്ടെന്നോ പറഞ്ഞില്ല.

മി. സ്പീക്കർ: അടിയന്തിരപ്രമേയത്തെസംബന്ധിച്ചു് ഒരു തീരുമാ നവും പറയാതിരുന്നതിനു കാരണം, എനിക്കു് ആദ്യമായി അറിയേണ്ടതു് ഈ സഭയിലെ എല്ലാ ഭാഗത്തുനിന്നും എല്ലാ പാർട്ടിയിൽനിന്നും എല്ലാ നേതാക്കൻമാരിൽനിന്നും വിട്ടുവീഴ്ചയില്ലാത്ത സഹകരണം എനിക്കുണ്ടാ കുമോ എന്നാണു്. അതറിയാതെ ഇതുസംബന്ധിച്ചുള്ള തീരുമാനം ഇപ്പോഴും പറയാൻ നിവൃത്തിയില്ല. സഹകരണം ഇല്ലാതെ എനിക്കു മുൻ പോട്ടുപോകാൻ നിവൃത്തിയില്ല. ആ സംഗതിയെസംബന്ധിച്ചു് എനിക്കറിയണം. അതിനാണു് പാർട്ടിനേതാക്കൻമാരെ എന്റെ മുറിയിൽ വിളിച്ചു സംസാരിച്ചതു്. അതിന്റെ അടിസ്ഥാനത്തിൽ എവിടെ എത്തി എന്നു് അറിയണം. അല്ലാതെ സഭാനടപടികളും മുന്നോട്ടു കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടു്. അതാണു് ഇതേസംബന്ധിച്ചു് എനിക്കു പറയാവനുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി: സർ, അങ്ങു് ഞങ്ങളോടു് വിട്ടുവീഴ്ച യില്ലാത്ത സഹകരണം വേണമെന്നു പറഞ്ഞു; എന്തിനെപ്പറ്റിയുള്ള സഹകരണമാണു്? ഇവിടെ ഒരു അടിയന്തിരപ്രമേയമാണു് വന്നിരിക്കുന്നതു്. 'പ്രമേയത്തെപ്പറ്റി ചർച്ചചെയ്യുന്നതിനു് എനിക്കു് സഹകരണം വേണ' മെന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഇതു കേട്ടാൽ തോന്നും നിയമ സഭയിൽ ഞങ്ങളാണു് സ്പീക്കർക്കു സഹകരണം നൽകാതെയാണു് ഇരിക്കുന്ന തെന്നു്.....സർ,

മി. സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീമതി കെ. ആർ. ഗൗരി: അതിന്റെ അടിസ്ഥാനത്തിൽ.....

മി. സ്പീക്കർ: ആർഡർ.

(പ്രതിപക്ഷ മെംബർമാരുടെ ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ സംസാരിച്ചുകൊണ്ടുനിരുക്കുമ്പോൾ മൈക്കു നിറുത്തിയതെന്തിനാണു്?

മി. സ്പീക്കർ: ആർഡർ, ആർഡർ. ഞാൻ എഴുനേറ്റു നിൽക്കുമ്പോൾ ഈ മൈക്കു മാത്രമേ ശബ്ദിക്കുകയുള്ളു, അതിനു യാതൊരു സംശയവുമില്ല. ഞാൻ അങ്ങനെ ഉത്തരവു നൽകിയിട്ടുണ്ടു്. ഞാൻ എഴുന്നേറ്റു നിൽക്കുമ്പോൾ മറ്റു മൈക്കുകൾ ശബ്ദിക്കുകയില്ല. അല്ലാതെ കാര്യങ്ങൾ നടത്താൻ പറ്റുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങു് അനുവദിച്ചിട്ടു ഞാൻ സംസാരിച്ചുകൊണ്ടുനിൽക്കുമ്പോഴാണു് മൈക്കു നിന്നതു്. അങ്ങു് ഇരുന്നുകഴിഞ്ഞശേഷം ഞാൻ സംസാരിച്ചപ്പോൾ മൈക്കു നിന്നു. ഞാൻ സംസാരിച്ചുകൊണ്ടു നിന്നപ്പോൾ അങ്ങു ഇരിക്കാൻ പറഞ്ഞാൽമതിയായിരുന്നു; മൈക്കുകാരനെ ഇതു നിയന്ത്രിക്കാൻ വിടുന്നതു തെറ്റാണു്, അതു ഞങ്ങൾ സമ്മതിക്കുകയില്ല.

അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുമോ ഇല്ലയോ എന്നുള്ളതാണു് പ്രശ്നം. അല്ലാതെ അങ്ങേയ്ക്കു് നിർലോഭമായ സഹകരണം നൽകാതിരിക്കുകയല്ല. അതാണു് ചോദിക്കുന്നതു്. സഹകരണമില്ലാത്തതല്ല കാരണം. അംഗങ്ങൾക്കു് ക്ഷോഭം വരുന്നതിനു കാരണമുണ്ടു്. ഈ രാജ്യത്തു തുടർച്ചയായ ലാത്തിയടി, തുടർച്ചയായ പോലീസു് മർദ്ദനം, തുടർച്ചയായ ലോക്കപ്പുമർദ്ദനം ഇതൊക്കെ നടക്കുകയാണു്. അതൊക്കെ ആവർത്തിക്കാതിരിക്കുന്നതിനു വേണ്ടിയാണു്. ജനങ്ങളുടെ വികാരങ്ങൾ മാനിക്കാതെ, ചർച്ചചെയ്യുകയില്ലെന്ന നിലപാടു് സ്വീകരിച്ചാൽ ചിലപ്പോൾ ഞങ്ങൾക്കു് ഇങ്ങനെയൊക്കെ ചെയ്യേണ്ടിവരും.

ശ്രീ. കെ. കെ. അബു: സർ, ഇവിടെ ഈ അടിയന്തിരപ്രമേയത്തെപ്പറ്റി മാത്രമല്ല, പൊതുവേ പോലീസു് അനാവശ്യമായ ശക്തി ഉപയോഗിക്കുന്നുവെന്ന ഒരാക്ഷേപമുണ്ടു്, അതിനെപ്പറ്റിയൊക്കെ ചർച്ച ചെയ്യണം. ചർച്ച ചെയ്താൽ എന്താണു് അപാകത? തെറ്റുചെയ്യുന്നില്ലെന്നു പറയുന്നവർക്കു അതു പറയാൻ സാധിക്കും, അല്ലാത്തവർക്കു് അവരുടെ അഭിപ്രായവും പറയാൻ സാധിക്കും. അതിനു് എല്ലാവരും സഹകരിക്കണം. സഭാനേതാവും മറ്റുള്ളവരും ദുഃശാഠ്യംപിടിക്കുകയും ചർച്ച അനുവദിക്കുകയില്ലെന്നു പറയുകയും ചെയ്യുന്നതു് നീതീകരിക്കാനാവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ നിയമസഭ തുടങ്ങിക്കഴിഞ്ഞതിനു ശേഷം പോലീസു് മർദ്ദനത്തെപ്പറ്റിയും, പോലീസു് നടപടികളെപ്പറ്റിയുമെല്ലാം വളരെ മണിക്കൂർനേരം ചർച്ച ചെയ്തു കഴിഞ്ഞിട്ടുള്ളതാണു്. അടിയന്തിരപ്രമേയം വരുന്നതു് ഏതെങ്കിലും ഒരു പ്രത്യേക പ്രശ്നത്തിൻമേലാണു്. ആ പ്രത്യേക പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സാധാരണഗതിയിൽ ആ പ്രശ്നത്തിന്റെ ചുമതല വഹിക്കുന്ന വകുപ്പുമന്ത്രിയുടെ വിശദീകരണം കേട്ടശേഷം പ്രമേയം അനുവദനീയമാണോ അല്ലയോ എന്നു സ്പീക്കർ തീരുമാനിക്കുകയും, ആ തീരുമാനത്തിനു് അനുസരണമായി സഭാ നടപടികളും മുന്നോട്ടുകൊണ്ടുപോകയുമാണു് ചെയ്യുന്നതു്. ആ തീരുമാനത്തിലുള്ള പ്രതിഷേധകസൂചകമായല്ലെങ്കിൽത്തന്നെയും ചിലപ്പോൾ വാക്കൗട്ടു് നടത്തുക തുടങ്ങിയുള്ള നടപടികളാണു് ഇവിടെ നടന്നുവരുന്നതു്. ഇവിടത്തെ നിയമസമാധാന പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യണമോ വേണ്ടയോ എന്നുള്ളതു് ഇവിടെ അടിയന്തിരപ്രമേയം വഴിയല്ല ഉന്നയിക്കപ്പെടേണ്ടതു്. നിയമസമാധാനപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായ ചർച്ചകൾക്കു് ഇവിടെ മറ്റു് അവസരങ്ങൾ ഉണ്ടായിട്ടില്ലെന്ന പൊതുവായ ഒരു അഭിപ്രായഗതി ഉണ്ടാകുകയാണെങ്കിൽ അതേപ്പറ്റി ഒരു ചർച്ച നടത്താ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ളതല്ലാതെ ആ ചർച്ച നടത്തുന്നതിനുവേണ്ടി സഭാ നടപടികൾ ഏതെങ്കിലും രീതിയിൽ തടസ്സപ്പെടുത്തികൊണ്ട് അങ്ങനെയൊരു തീരുമാനം അടിച്ചേൽപ്പിക്കാനോ അല്ലെങ്കിൽ സ്വീകരിപ്പിക്കാനോ നടത്തുന്നതായ സാഹചര്യങ്ങളിലേക്ക് കാര്യങ്ങൾ എത്തിച്ചേരുക എന്നുള്ളത് ശരിയല്ല. ഇവിടെ നിയമസഭാനടപടിച്ചട്ടങ്ങളനുസരിച്ച് ഈ പ്രശ്നത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന് പല ചട്ടങ്ങളും ഉപയോഗിക്കാവുന്നതാണ്. അടിയന്തിര പ്രമേയം മുഖേന ഉന്നയിക്കേണ്ട കാര്യമെന്ത്, അരമണിക്കൂർ സമയത്തേയ്ക്കു ഉപയോഗിക്കേണ്ട കാര്യമെന്ത്, മറ്റു പൊതുപ്രാധാന്യമുള്ള ചർച്ചയ്ക്കു അവസരമേത് എന്നീ കാര്യങ്ങൾക്കെല്ലാം വ്യക്തമായ വ്യവസ്ഥകളുണ്ട്, സഭയിൽ ഇക്കാര്യം ചർച്ചചെയ്യേണ്ടതാണെന്ന ഒരു നിലപാടുണ്ടായിരുന്നെങ്കിൽ ഗവൺമെൻറുഭാഗത്തുനിന്നും ആ ചർച്ചയ്ക്കുള്ള അവസരം വിനിയോഗിക്കുമായിരുന്നു. ആ നിലയിലായിരിക്കണം ഈ പ്രശ്നത്തെ കൈകാര്യം ചെയ്യേണ്ടിയിരുന്നത്. ഇവിടെ നിയമസഭ തുടങ്ങിക്കഴിഞ്ഞതിനു ശേഷം ഇതുയും ദിവസത്തെ നടപടികളെടുത്തു നോക്കിയാൽ പോലീസ് മർദ്ദനത്തെ സംബന്ധിച്ചിടത്തോളം ആ മർദ്ദനത്തിനിടയായ രാഷ്ട്രീയ സാഹചര്യങ്ങളെസംബന്ധിച്ചിടത്തോളം, ആ രാഷ്ട്രീയ സാഹചര്യങ്ങൾക്കിടയായ സംഭവവികാസങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാംതന്നെ വിശദമായി ചർച്ചചെയ്തുകഴിഞ്ഞു. മിക്കവാറും എല്ലാദിവസവും ഓരോ അടിയന്തിര പ്രമേയം ഇവിടെ വരികയും ചെയ്തിട്ടുണ്ട്. ആ അടിയന്തിര പ്രമേയങ്ങൾ ലാത്തിച്ചാർജുകളെപ്പറ്റിയും ബസ് ചുട്ടുകരിച്ചതിനെപ്പറ്റിയും വെടിവയ്പ്പുകളെപ്പറ്റിയും എല്ലാമായിരിക്കും. ആ പ്രമേയങ്ങളെല്ലാംതന്നെ അതാതു മന്ത്രിമാരുടെ വിശദീകരണത്തിനുശേഷം പ്രമേയാവതരകന്റെ വികാരങ്ങളും വീക്ഷണഗതികളും ഈ സഭ മുൻപാകെ അവതരിപ്പിക്കുന്നതിനുള്ള അവസരവുംകൂടി നൽകിക്കൊണ്ടാണ് അങ്ങു നിഷേധിക്കുകയും ചെയ്തിട്ടുള്ളത്. ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തെ സംബന്ധിച്ചും ആദ്യം ബഹുമാനപ്പെട്ട ആഭ്യന്തര കാര്യമന്ത്രി സാധാരണഗതിയിൽ പോലീസിൽനിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ വയ്ക്കുകയുണ്ടായി. എന്നാൽ അതല്ല, ആ സംഭവത്തെ സംബന്ധിച്ചിടത്തോളമുള്ള മറ്റൊരു വീക്ഷണഗതി പ്രമേയാവതാരകനുണ്ടെന്ന് ശ്രീമതി കെ. ആർ. ഗൗരി ഇവിടെ അവതരിപ്പിക്കുകയും ചെയ്തുകഴിഞ്ഞു. അതിനുശേഷം പ്രമേയം അനുവദനീയമാണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത് അങ്ങാണ്. അങ്ങയുടെ ആ തീരുമാനത്തിന് അവസരം നൽകാതെ അങ്ങയുടെ തീരുമാനത്തിന് മുൻപ് ആവശ്യമായ മറ്റു സമ്മർദ്ദങ്ങളും സഭാനടപടികളും തടസ്സപ്പെടുത്തിക്കൊണ്ട് ചെയ്തത് സ്വാധീനം ചെയ്യാനുള്ള ശ്രമമാണ് ഇവിടെ നടന്നുവരുന്നത്. നിയമസഭാ നടപടികളുടെ മേലും നിയമസഭാനാഥന്റെ മേലും കൈയേറാനും ആളുകളും നിയമസഭാച്ചട്ടങ്ങൾക്കു വിരുദ്ധമായി സമ്മർദ്ദം ചെലുത്തികൊണ്ട് ഈ സഭയെ നിയന്ത്രിക്കാമെന്നുവന്നാൽ അതു തീർച്ചയായും അനുവദിക്കാവുന്ന കാര്യമല്ല. ഇക്കാര്യത്തിൽ സഭാനടപടികളെ സംബന്ധിച്ചിടത്തോളം സഭാനാഥനെ അനുസരിക്കാനുള്ള സാധ്യതയാണ്, ബാധ്യതയാണ് എല്ലാ കക്ഷികളിലും പെട്ട ആളുകൾക്കുള്ളത്. ആ നിലയിൽ അങ്ങ് ഇക്കാര്യത്തിൽ ഒരു റൂളിംഗ് തരികയും, ആ റൂളിംഗിനു അനുസരണമായി ഇക്കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്. മറ്റു പ്രശ്നങ്ങളെല്ലാം തന്നെ നിയമസഭയോ, അതല്ലെങ്കിൽ നിയമസഭയിൽപെടുന്ന രാഷ്ട്രീയ കക്ഷികളുടെ നേതാക്കൻമാരോ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്തു പൊതുവായ ഒരു തീരുമാനത്തിലെത്താവുന്നതാണ്. ഈ സഭയിലുന്നയിച്ച കാര്യങ്ങളെസംബന്ധിച്ചിടത്തോളം അങ്ങ് ഒരു റൂളിംഗ് തരികയും

LIBRARY ARCHIVES Kerala Legislative Assembly

സഭാനടപടികളും മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട സഭാനേതാവ് സംസാരിച്ച അവസരത്തിൽ പറഞ്ഞത്, അങ്ങയുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്, അത് അനുവദിക്കരുതെന്നാണ്. ഇവിടെ ഞങ്ങളും അവതരിപ്പിച്ച അടിയന്തിര പ്രമേയത്തെസംബന്ധിച്ചിടത്തോളം, ഇന്നലെ ഞങ്ങളുടെയെല്ലാം മുൻപിൽ വച്ച് നടന്ന ഒരുകാര്യത്തെ സംബന്ധിച്ചിടത്തോളം, പത്തിരുപത്തിയഞ്ച് എം. എൽ. എ. മാർ ഉണ്ടായിരുന്നു, സഖാവ് ഇ. എം. എസ്സും, വെല്ലിംഗ്ടണും ഫ്ലാറ്റുഫോറത്തിൽ ഉണ്ടായിരുന്ന സമയത്ത് പട്ടണത്തിന്റെ ഹൃദയഭാഗത്തുവച്ചുനടന്ന പ്രകടമായ ഒരു മർദ്ദനത്തെ സംബന്ധിച്ചിടത്തോളം, ചർച്ച ചെയ്യണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. അങ്ങനെയൊരു മർദ്ദനം നടന്നിട്ടില്ലെന്നും ശ്രീമാൻ മോഹനനുമായിട്ടുള്ള തർക്കത്തിൽ ഒരു വധുവിനെ വരൻ വിവാഹമണ്ഡപത്തിൽനിന്നും താലോലിച്ച് ഇറക്കികൊണ്ടുപോകുന്ന രീതിയിലാണ് മോഹനനെ മാറിനിർത്തിയതെന്നും, ചുറ്റുമുള്ള കടകളും അടച്ചതുകണ്ടപ്പോളും ആളുകളും ഓടുക മാത്രമാണുണ്ടായിട്ടുള്ളതെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു. ഈ മറുപടി സ്വാഭാവികമായും ആ രംഗത്തിനു ദൃക്സാക്ഷികളായ ഞങ്ങളെസംബന്ധിച്ചിടത്തോളം ശരിയല്ലെന്നും മർദ്ദനം നടത്തുന്നവർക്ക് പ്രോൽസാഹനം കൊടുക്കുന്ന ഒരു മറുപടിയാണ് അതെന്നും ഞങ്ങൾക്കു തോന്നുന്നു. അതുകൊണ്ട് ഇക്കാര്യം ചർച്ചചെയ്യണമെന്നും മർദ്ദനത്തിനു നേതൃത്വം നൽകിയ സർക്കിൾ ഇൻസ്പെക്ടർ ലക്ഷ്മണപ്പണിക്കരെയും, ഒരു പത്രപ്രവർത്തകനായ മോഹനനെ പരസ്യമായി തള്ളിമാറ്റിയ സബ്ഇൻസ്പെക്ടർ ശ്രീ. ഗോപിനാഥൻനായരെയും സസ്പെൻറു ചെയ്യണമെന്നുള്ള ആവശ്യമാണ് സഭാവേദിയിൽ ഞങ്ങളുന്നയിച്ചത്. ഇത് ബഹുമാനപ്പെട്ട സ്പീക്കറുടെ മേൽ സമ്മർദ്ദം ചെലുത്താനുള്ള ഏർപ്പാടല്ല. ഉത്തരവാദിത്വമുള്ള നിയമസഭാ സാമാജികൻമാരെന്നുള്ള നിലയിൽ ജനങ്ങൾക്കെതിരായി നടത്തുന്ന ഇത്തരം മർദ്ദനങ്ങളെ പ്രതിഷേധിക്കാതിരിക്കാനും, എതിർക്കാതിരിക്കാനും വയ്യാ. ഇത്തരം സംഭവങ്ങൾ മേലാൽ ഉണ്ടാകാൻ പാടില്ലെന്നുള്ള തീരുമാനം എടുപ്പിക്കാൻ വേണ്ടിയുള്ള ഞങ്ങളുടെ മൗലികമായ അവകാശം ഇവിടെ നടപ്പിൽ വരുത്തുന്നതിനു വേണ്ടിയാണ് ഞങ്ങൾ ഇവിടെ വന്നിട്ടുള്ളത്. അതുകൊണ്ട് ഇതേക്കുറിച്ച് ചർച്ചചെയ്യുന്നതിന് സന്ദർഭമുണ്ടാക്കണമെന്നും, ഇതിനെതിരായി നടപടികളും എടുക്കണമെന്നുമാണ് ഞാൻ പറയുന്നത്. അതല്ലാതെ സഭാനേതാവ് പറഞ്ഞതുപോലെ സമ്മർദ്ദം ചെലുത്താൻ വേണ്ടിയല്ല. ബഹുമാനപ്പെട്ട സഭാനേതാവ് പറഞ്ഞു, ഇവിടെ ദിവസേന അടിയന്തിര പ്രമേയങ്ങൾവഴി ഈ കാര്യങ്ങളെല്ലാം ചർച്ച ചെയ്തിട്ടുണ്ടെന്ന്. അങ്ങനെ പോലീസ് വെടിവയ്പ്പിനെതിരായിട്ടും ലാക്കപ്പ് മർദ്ദനത്തിനെതിരായിട്ടും ലാത്തിച്ചാർജിനെതിരായിട്ടും സഭ തുടങ്ങിയ ദിവസം മുതൽ അവസാനദിവസംവരെ അടിയന്തിരപ്രമേയങ്ങൾ അവതരിപ്പിക്കേണ്ട സാഹചര്യം നമ്മുടെ നാട്ടിൽ ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോ? പട്ടികൾ കുരയ്ക്കട്ടെ, സാർത്ഥവാഹകസംഘം മുന്നോട്ടുപോകും' എന്നു പറഞ്ഞതുപോലെ, സഭാനേതാവ് പറഞ്ഞ രീതിയിൽ എടുക്കാവുന്ന കാര്യമാണോ ഇത്? ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് അതല്ലേ? അതുകൊണ്ടാണ് ഞങ്ങൾ കഴിഞ്ഞതിന്റെ മുൻപിലത്തെ അഡ്വൈസറി കമ്മിറ്റി യോഗത്തിൽ ഇതേസംബന്ധിച്ച് ചർച്ച ചെയ്യാൻ പറഞ്ഞത്. ഞങ്ങൾ അക്രമം കാണിക്കുന്നുവെന്നും, ആയുധമെടുക്കാൻ പ്രസംഗിച്ചതാണ് കുഴപ്പമെന്നും വരികിൽ അതേപ്പറ്റി ചർച്ച ചെയ്യാം. പോലീസ് പരസ്യമായി ജനങ്ങളെ മർദ്ദിച്ചൊതുക്കുന്നു എന്നു ഞങ്ങൾക്കും പറയാനുണ്ട്. രണ്ടുമൂന്നു മണിക്കൂറെടുത്ത് ഒരു ദിവസം ഇത്

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്യാമെന്നും അതിനുവേണ്ടി നിയമസഭായോഗം 30—ാം തീയതി കഴിഞ്ഞ് കൂടുതൽ ദിവസമിരിക്കാൻ തയ്യാറാണെന്നും ഞങ്ങൾ ബിസിനീസ് അഡ്വൈസറി കമ്മിറ്റിയോഗത്തിൽ പറഞ്ഞു. ഈ കാര്യത്തെസംബന്ധിച്ച് സഭാനേതാവ് അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. തീരുമാനമാകാത്തതുകൊണ്ട് പൊവ്വാഴ്ച ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി തീരുമാനമെടുക്കാമെന്നുള്ള നിലയിൽ പിരിഞ്ഞു. അന്നു യോഗനടപടികൾ ബഹിഷ്കരിച്ചതു കാരണം ഞങ്ങൾക്ക് ഹാജരാകാൻ കഴിഞ്ഞില്ല. ഏകപക്ഷീയമായി, ഹാജരായ മെമ്പറൻമാർ അങ്ങനെ ചർച്ച ചെയ്യേണ്ടതായ സാഹചര്യമൊന്നും ഇവിടെയില്ലെന്നുള്ള നിർഭാഗ്യകരമായ തീരുമാനത്തിൽ എത്തിച്ചേരുകയാണ് ഉണ്ടായത്. അതുകൊണ്ട് ഈ രാജ്യത്തിലെ ക്രമസമാധാന നിലയെപ്പറ്റി ചർച്ചചെയ്തത് രാജ്യത്തിലെ പാവപ്പെട്ട ആളുകളുടെ ജീവനും സ്വത്തിനും അതുപോലെതന്നെ പൗരസ്വാതന്ത്ര്യത്തിനും സംരക്ഷണം കിട്ടണമെന്നുള്ള അടിസ്ഥാനത്തിൽ ഈ സഭയിലെങ്കിലും ഒരു ഉറപ്പ് കിട്ടണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. അതാണ് നമ്മുടെ രാജ്യത്തിലെ ജനലക്ഷങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നത്. അതിന് ഒരു സന്ദർഭമുണ്ടാക്കണമെന്നുമാത്രമാണ് ഞങ്ങൾ ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. എനിക്ക് ഇതാ ഇപ്പോൾ ഒരു കുറിപ്പ് കിട്ടിയിരിക്കുകയാണ്. സെക്രട്ടറിയേറ്റിന്റെ വടക്കേ ഗേറ്റിൽ നീളമുള്ള ലാത്തികളുമായി സി. ആർ. പി. യെ കാവൽ നിറുത്തിയിരിക്കുകയാണെന്ന്. ആളുകളുടെ തല അടിച്ചു പൊളിക്കണമെങ്കിൽ നീളമുള്ള ലാത്തിവേണം. നീളമുള്ള ലാത്തിധാരികളായ പോലീസുകാരെ നിറുത്തിക്കൊണ്ട്, ഇതിനുമുൻപ് ബയണറ്റുള്ള ആളുകളെ നിറുത്തിയിരുന്നു, ഇപ്പോൾ നീളമുള്ള ലാത്തിക്കാരെ നിറുത്തിയിരിക്കുകയാണ്, അവരെ നിറുത്തികൊണ്ട് നിങ്ങൾ എന്തു പറഞ്ഞാലും ഞങ്ങൾ ഇതു നടത്തും, അടികൊണ്ടു ചത്താലും ശരി, ചത്തില്ലെങ്കിലും ശരി മനസ്സുണ്ടെങ്കിൽ കേൾക്കണം, അല്ലെങ്കിൽ പോടാപട്ടീ എന്നുള്ള രീതിയിൽ പോലീസിനെ നിറുത്തികൊണ്ട് സഭാനടപടികൾ തുടരാൻ ഗവൺമെൻറ് ഭാഗത്തുനിന്ന് അങ്ങയെ നിർബന്ധിച്ചതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങയോടുള്ള അനാദരവിന്റെ പ്രശ്നമായി ചൂണ്ടിക്കാണിക്കുമെങ്കിലും അതല്ല പ്രശ്നം. ഈസഭയുടെ അന്തസ്സ് പരിപാലിക്കുന്നതിനും, സഭാമെമ്പറൻമാർക്ക് ഇവിടെ പറയാനുള്ള കാര്യങ്ങൾ പറയുന്നതിനു വേണ്ടിയുള്ള സൗകര്യം ഉണ്ടാക്കിത്തരുന്നതിനുമുള്ള ബാദ്ധ്യത ഈ ഗവൺമെൻറിനുണ്ട്. അത് അവർ ചെയ്യാത്തതാണ് കുഴപ്പങ്ങൾക്ക് കാരണം. അല്ലാതെ സഭാനടപടികൾ നടത്തികൊണ്ടുപോകുന്നതിനു സഹകരണം ലഭിക്കാത്തതുകൊണ്ടുള്ള കുഴപ്പമല്ല. അതുകൊണ്ട് ഇതു ചർച്ച ചെയ്യണമെന്നും, ഈ പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കണമെന്നുമുള്ളതാണ് ഞങ്ങളുടെ ആവശ്യം.

ശ്രീ. ബി. വെല്ലിംഗ്ടൺ: അങ്ങ് സഭയുടെ സഹകരണം അഭ്യർത്ഥിച്ചു. ഈ സഭയിൽ ഇത്രയും ദിവസം ഒരു അക്ഷരംപോലും മിണ്ടാതിരുന്ന ഒരാളാണ് ഞാൻ. ഇന്നും സംസാരിക്കണമെന്നു കരുതിയല്ല വന്നത്. ഇന്നലെ ഞാനുംകൂടി സംബന്ധിച്ച ഒരു യോഗത്തിൽ നടന്ന സംഭവത്തെപ്പറ്റി ഒരിക്കലും വിശ്വസിക്കാൻ കഴിയാത്ത രീതിയിൽ, ഉദ്യോഗസ്ഥൻമാർ കൊടുത്തതാണെന്നു പറഞ്ഞുകൊണ്ട് സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത പ്രസ്താവനയാണ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇവിടെ ചെയ്തത്. യോഗത്തിൽ കാണിച്ചത് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞതുപോലെ അതൊരു മുളകഷണമല്ലെന്നും, ആളുകളുടെ തലതല്ലിപ്പൊളിച്ച ഒടിഞ്ഞ ലാത്തിക്കഷണമാണ് അതെന്നും, അത് എന്റെ കയ്യിലുണ്ടെന്നും പറയാനാണ് ഞാൻ ആരംഭിച്ചത്. അതിന് അവസരം തരാതെ

LIBRARY ARCHIVES Kerala Legislative Assembly

യാണ് കാര്യങ്ങളെ മുന്നോട്ടു നീങ്ങിയത്. ഈ രാജ്യത്ത് നടക്കുന്ന സംഭവങ്ങളെപ്പറ്റിയൊന്നും പറയാനോ വ്യാഖ്യാനിക്കാനോ അല്ല ഞാൻ എഴുന്നേറ്റത്. തിരുവനന്തപുരം പട്ടണത്തിൽ, തലസ്ഥാന നഗരിയിൽ, സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് സംസാരിച്ച യോഗത്തിൽ ശാന്തമായിവന്ന ഒരു ജാഥയിലുണ്ടായിരുന്ന ഒരു പാവപ്പെട്ട തൊഴിലാളിയായ യോഹന്നാനെ ട്രാൻസ്പോർട്ടു സമരത്തിന് അനുകൂലമായ മുദ്രാവാക്യം വിളിച്ചു എന്ന തെറ്റ് ചെയ്തതിന് അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനായ സർക്കിൾ ഇൻസ്പെക്ടർ ലക്ഷ്മണ പണിക്കർ എന്നു പറയുന്ന ഒരാൾ പോലീസുകാർ അയാളെ അടിക്കുന്നില്ലെന്നു കണ്ടപ്പോൾ പോലീസുകാരുടെ കയ്യിൽനിന്ന് ലാത്തി മേടിച്ച് ആ സർക്കിൾ ഇൻസ്പെക്ടർ യോഹന്നാന്റെ തല അടിച്ചുപൊളിച്ചു. അയാൾ ചോരയൊലിപ്പിച്ചുകൊണ്ട് ഞങ്ങളിരുന്ന പ്ലാറ്റ്ഫാമിൽ കയറിവന്നത് ഞാൻ കണ്ടതാണ്. അങ്ങനെ അടിച്ച ലാത്തിക്ഷണം എന്റെ കയ്യിലിരിക്കുമ്പോൾ, അത് മുളകഷണമല്ല, ഒടിഞ്ഞ ലാത്തിയുടെ കഷണമാണ് അതെന്നു പറയാനാണ് ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ്കോയ സാഹിബേ ഞാൻ എഴുന്നേറ്റത്. ഈ രാജ്യത്ത് സമാധാനപരമായി യോഗം നടത്തുകയും പ്രകടനം നടത്തുകയും ചെയ്യുന്ന ആളുകളെ തല്ലിച്ചതക്കാൻ പോലീസുകാരെ അയച്ച ദുഷ്ടൻമാരുടെ ഈ ഭരണത്തിനെതിരായി അസംബ്ലിയിൽ സംസാരിക്കാൻ അവസരം നിഷേധിച്ചാൽ പിന്നെ എവിടെ ഞങ്ങൾ പറയും? അതുകൊണ്ട് ഇത്തരം കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാനും ജനങ്ങളുടെ വികാരങ്ങൾ ഇവിടെ പ്രകടിപ്പിക്കാനുമുള്ള അന്തരീക്ഷം ഉണ്ടാക്കിത്തീർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾ സമാധാനം പാലിക്കാൻ അഭ്യർത്ഥിച്ചതുകൊണ്ടു മാത്രമാണ് കൂടുതൽ കുഴപ്പങ്ങളുണ്ടാകാതിരുന്നത്. അവിടെ നടന്ന ഈ സംഭവങ്ങൾക്കെല്ലാം ഞങ്ങൾ ദൃക്സാക്ഷികളാണ്. സമാധാനപരമായ അന്തരീക്ഷത്തിൽ പ്രകടനം നടത്താൻ അനുവദിക്കാതെ പോലീസുകാർ മനഃപൂർവ്വം പ്രകോപനം സൃഷ്ടിക്കുമ്പോൾ അത് ഇവിടെ ചർച്ച ചെയ്യുകയില്ലെന്നു പറഞ്ഞാൽ പിന്നെ എവിടെയാണ് ഞങ്ങൾ ഈ കാര്യം ഉന്നയിക്കുന്നത്? സമാധാനപരമായ അന്തരീക്ഷത്തിൽ യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ മനഃപൂർവ്വം പ്രകോപനം സൃഷ്ടിക്കാൻവേണ്ടി ഒരു പോലീസുവാൻ കിഴക്കോട്ടും മറ്റൊന്ന് പടിഞ്ഞാറോട്ടും കൊണ്ടുവന്നിട്ട് മാർഗ്ഗതടസ്സമുണ്ടാക്കി. ഇ. എം. എസ്. പ്രസംഗിച്ച യോഗത്തിൽ പ്രകോപനമുണ്ടാക്കാൻ വേണ്ടി മനഃപൂർവ്വം പോലീസുദ്യോഗസ്ഥൻമാരെ പറഞ്ഞയച്ചതാണ്. അപ്പുറത്തിരിക്കുന്നവർ ഇങ്ങനെ ചെയ്യുന്നതിനെപ്പറ്റി ഒന്നു ചർച്ച ചെയ്താൽ എന്താണ് അപകടം? ഒരു മുളവടിയെടുത്ത് ലേലം ചെയ്തുകൊടുത്തു എന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇവിടെ പറഞ്ഞത്. ഇത്തരം കള്ളക്കഥകൾ കെട്ടിച്ചമച്ച് സ്റ്റേറ്റുമെന്റ് സഭയിൽ നൽകിയാൽ എങ്ങനെ സംസാരിക്കാതിരിക്കും? യാതൊരു പ്രകോപനവുമില്ലാത്ത സന്ദർഭത്തിൽ ആളുകളെ തല്ലിച്ചതക്കുന്നതിനുവേണ്ടി പോലീസുദ്യോഗസ്ഥൻമാരെ പറഞ്ഞയക്കുന്ന ഇത്തരം നടപടിയെപ്പറ്റി, ഇന്നലെ നടന്ന സംഭവത്തെപ്പറ്റി ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇവിടെ ഞാൻ എല്ലാപേരുടെയും സഹകരണത്തിനു വേണ്ടിയാണ് അഭ്യർത്ഥന നടത്തിയത്. ഇതിനെപ്പറ്റി ഇവിടെ ഒരു ചർച്ചതന്നെ നടന്നുകഴിഞ്ഞിരിക്കുകയാണെന്ന നിലയിൽ ചെന്നെത്തിയിരിക്കുകയാണ്. ഏതായാലും ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ ഇവിടത്തെ ലാ ആൻഡ് ഓർഡർ സിറ്റുവേഷനെപ്പറ്റി സംസാരിക്കണമെന്നും അതിന് ഒരവസരം ഉണ്ടാക്കണമെന്നും ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണന്റെ പാർട്ടി കഴിഞ്ഞ ബിസിനസ്

LIBRARY ARCHIVES Kerala Legislative Assembly

അഡ്വൈസറി കമ്മിറ്റിയിൽ സംസാരിക്കുകയുണ്ടായി. അടുത്ത ദിവസം കൂടുന്ന കമ്മിറ്റിയിൽ ആലോചിക്കാമെന്നു പറഞ്ഞിരുന്നതാണ്. ഏതായാലും കഴിഞ്ഞ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ സഭാനടപടികൾ അന്നേയ്ക്ക് ബഹിഷ്ക്കരിച്ചതുകൊണ്ട് ശ്രീ. ടി. കെ. രാമകൃഷ്ണനു വരാൻ സാധിച്ചില്ല. അങ്ങനെ വരാത്ത സാഹചര്യത്തിൽ, അവരില്ലാത്ത ഒരു സാഹചര്യത്തിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റി ഒരു തീരുമാനമെടുക്കുന്നത് യുക്തമല്ലെന്ന നിലയിൽ ഒരു തീരുമാനവും എടുക്കാതെയാണ് പിരിഞ്ഞിട്ടുള്ളത്. ലാ. ആൻഡ് ഓർഡർ സിറ്റുവേഷനെപ്പറ്റി ദിവസവും അടിയന്തിരപ്രമേയം വരുന്നുവെന്നു പറയുന്നതു ശരിയാണ്. അതിനെപ്പറ്റി ആലോചിക്കണം. അതു നമുക്കു ചെയ്യാവുന്നതേയുള്ളൂ. അതു ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയിട്ട് ഒരു ദിവസമോ രണ്ടുദിവസമോ ചർച്ച ചെയ്യണമെന്നു തീരുമാനമെടുക്കുകയാണെങ്കിൽ ആ ചർച്ച നടത്തുന്നതിന് എനിക്ക് വളരെ സന്തോഷമുണ്ടായിരിക്കുമെന്നു പറയാൻ ഞാനീ സന്ദർഭത്തിൽ ആഗ്രഹിക്കുന്നു. ബിസിനസ് അഡ്വൈസറി കമ്മിറ്റി ഇന്നുതന്നെ കൂടാനും ഞാൻ വേണ്ട നിർദ്ദേശം കൊടുക്കുന്നുണ്ട്. ഇന്നുതന്നെ നാലു മണിക്ക് ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടാനുള്ള നിർദ്ദേശവും കൊടുക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ ഒരു അടിയന്തിരപ്രമേയമെന്നുള്ള നിലയിൽ ഇപ്പോഴം ഇവിടെ ചർച്ച ചെയ്യുന്നത് സഹായകമായിരിക്കുമെന്നു തോന്നുന്നില്ല. വേണമെങ്കിൽ ചർച്ച നടത്താമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ അടിയന്തിരപ്രമേയത്തിനു അനുമതി നൽകുന്നില്ല.

ശ്രീ. ഇ. എം. ജോർജ്ജ്: സർ, സി. ആർ. പി. ഇവിടെ വന്നുനിൽക്കുന്നത് അങ്ങയുടെ അനുമതിയോടുകൂടിയാണോ?

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഈ നിയമസഭാപരിസരത്തിന്റെ ചുമതല എനിക്കാണ്. ഈ പരിസരത്തിനകത്തുള്ള അറേഞ്ച്മെന്റ്സ് ഞാനാണ് നടത്തുന്നത്. ഇതിനകത്തൊന്നും സി. ആർ. പി. യെ കൊണ്ടു വരാൻ പാടില്ല. ഇതിനു മുൻപ് ബഹുമാനപ്പെട്ട ഇ. എം. എസ്. ഇവിടെ മുഖ്യമന്ത്രിയായി ഇരുന്ന സന്ദർഭത്തിലുള്ള സംവിധാനമല്ലാതെ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല.

(ഈയവസരത്തിൽ ശ്രീ. ഇ. എം. ജോർജ്ജ്, ശ്രീ. സി. ബി. സി. വാര്യർ, ശ്രീ. സി. കെ. ബാലകൃഷ്ണൻ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എ. വി. ആര്യൻ തുടങ്ങിയ മെമ്പറൻമാർ സി. ആർ. പി. നടയിൽ നിൽക്കുന്നു എന്ന് ഉച്ചത്തിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇപ്പോഴത്തെ മന്ത്രിസഭ വന്നതിനുശേഷം പുതിയതായി യാതൊരു അറേഞ്ചുമെന്റും ഉണ്ടാക്കിയിട്ടില്ല, ഉണ്ടാക്കേണ്ടതായ യാതൊരു കാര്യവും വന്നിട്ടില്ല.

പ്രതിപക്ഷത്തെ പലമെമ്പറൻമാർ: സി. ആർ. പി. നിൽക്കുന്നത് ചെന്നു നോക്കണം.

മി. സ്പീക്കർ: ഉണ്ടെങ്കിൽ ഞാൻ അന്വേഷിക്കാം. സി. ആർ. പി. ഉണ്ടെങ്കിൽ ഞാൻ അന്വേഷിക്കാം..... (ബഹളം)..... അന്വേഷിക്കാമെന്നു പറഞ്ഞില്ലേ? ഓർഡർ, ഓർഡർ.....

(വലിയ ബഹളം, യാതൊന്നും വ്യക്തമല്ല)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സി. ആർ. പി. യെ പിൻവലിക്കണം

മി. സ്പീക്കർ: ഈ പരിസരത്തൊന്നും സി. ആർ. പി. യെ വരുത്തിയിട്ടില്ല.

പ്രതിപക്ഷത്തെ അനേകം മെമ്പർമാർ: ഈ കാമ്പൗണ്ടിൽ സി. ആർ. പി. യെ കാണിച്ചുതരാം എന്നു വിളിച്ചു പറഞ്ഞു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: (ബഹളത്തിനിടയിൽ) ഞങ്ങളെ ഭീഷണിപ്പെടുത്തി സഭാനടപടികളും നടത്താമെന്നാണ് ഗവൺമെൻറിൻെറ വിചാരം. എങ്കിൽ അതു സമ്മതിക്കാൻ ഞങ്ങളും തയ്യാറില്ല. (പ്രതിപക്ഷത്തുനിന്നു "ഷെയിം")

ശ്രീ. ടി. കെ. ദിവാകരൻ: ഇവിടത്തെ ചുമതല അങ്ങേയ്ക്കുള്ളതാണ്. അങ്ങ് ഇക്കാര്യത്തിൽ സി. ആർ. പി. യെ ഉപയോഗിച്ചിട്ടില്ലെന്നു പറഞ്ഞാൽ അതു വിശ്വസിക്കാനല്ലാതെ.....

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒന്നുപോയി നോക്കൂ.

ശ്രീ. ഇ. എം. ജോർജ്ജ്: ഞാൻ കണ്ടതാണ്. സി. ആർ. പി. ഇതിനകത്തു വന്നത്.

(തുടർന്നു ബഹളം)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും 11.30 നു വീണ്ടും കൂടുന്നതുമാണ്.

(The House adjourned, amidst Commotion, at 10.40 a. m. and reassembled at 11.30 a.m.)

മി. സ്പീക്കർ: ആർഡർ, ആർഡർ. പ്രസന്റേഷൻ ആഫ് റിപ്പോർട്ട്

ശ്രീ. കെ. കെ. അബു.....

(ശ്രീ. അബു എഴുന്നേറ്റില്ല)

(സഭയിൽ മെമ്പർമാർ ഉറക്കെ വിളിച്ചുകൊണ്ടിരുന്നു).

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, സർ.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരു സബ്മിഷനുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പോലീസ് ആഫീസറുടെ പേരിൽ നടപടിയെടുക്കാതെയും ചർച്ച അനുവദിക്കാതെയും ഞങ്ങളുടെ അഭിപ്രായത്തെ തള്ളിക്കളഞ്ഞുകൊണ്ട് സഭ തുടരാനാണോ അങ്ങു തീരുമാനിച്ചിരിക്കുന്നത്?

മി. സ്പീക്കർ: അതെ.

(പ്രതിപക്ഷ ബഞ്ചുകളിൽനിന്ന് അതിഭയങ്കരമായ ബഹളം).

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഒന്നുകിൽ അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിച്ചു, അല്ലെങ്കിൽ അങ്ങയുടെ അനുവാദംകൂടാതെ ഗവൺമെൻറ് ഈ സഭയുടെ പരിസരങ്ങളിൽ സി. ആർ. പി. യെ കൊണ്ടുവന്നു. അതുകൊണ്ട് അങ്ങു അതിനു മാപ്പു പറയണം.

LIBRARY ARCHIVES Kerala Legislative Assembly

(നിരവധി പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു).

മി. സ്പീക്കർ: അങ്ങനെ സംസാരിക്കണമെന്നുണ്ടെങ്കിൽ ഏതെങ്കിലും ഒരു മെമ്പർ സംസാരിച്ചാൽ പോരെ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങ് സി. ആർ. പി. യെ വിളിച്ചിട്ടില്ലെന്നു പറയുകയുണ്ടായി. സി. ആർ. പി. ഇല്ലെന്നു പറയുകയുണ്ടായി. എന്നാൽ ഇപ്പോഴും അവിടെ നിൽക്കുന്നുണ്ട്. എം. എൽ. എ. മാരായിട്ടുള്ള ഞങ്ങളെ ഭയപ്പെടുത്തി നടപടി തുടരാനാണ് പോകുന്നതെങ്കിൽ അത് അനുവദിക്കാൻ നിവൃത്തിയില്ല. രണ്ടാമത് സി. ആർ. പി. യെ ഇവിടെ കൊണ്ടുവന്നു നിറുത്തിയിരിക്കുകയാണ്. ഇവിടത്തെ പോലീസ് തികയാത്തതു കൊണ്ടാണ് സി. ആർ. പി. യെ വരുത്തിയതെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഇവിടത്തെ പോലീസ് പോരെ സർ? അപ്പോൾ പോലീസ് മർദ്ദനങ്ങളെപ്പറ്റി ചർച്ചചെയ്യണമെന്നു നിങ്ങൾ നിർബന്ധിച്ചാൽ ഈ സി. ആർ. പി യെക്കൊണ്ട് നിങ്ങളുടെ മേലും മർദ്ദനം അഴിച്ചുവിടുമെന്നുള്ള വിധത്തിൽ മുന്നോട്ടുപോവുകയാണെങ്കിൽ ആ വെല്ലുവിളിയെ സ്വീകരിക്കാതിരിക്കാൻ ഞങ്ങൾക്കു നിർവ്വാഹമില്ല.

(ബഹളം തുടരുന്നു)

മി. സ്പീക്കർ: ഈ സഭയുടെ precincts ഏതാണെന്നു എനിക്കറിയാം. ഈ സഭയുടെ precincts ഏതാണെന്നുവച്ചാൽ ഈ സഭാതലവും ആഫീസ് റൂമുകളും കൻറീനും ആണ്. സഭയുടെ precincts—ൽ സി. ആർ. പി. യെ കൊണ്ടുവരരുതെന്നും അങ്ങനെ കൊണ്ടുവന്നിട്ടില്ലെന്നും ആണ് എന്റെ ബോധ്യം.

ശ്രീ. ഇ. എം. ജോർജ്ജ്: കൻറീനോ.....

മി. സ്പീക്കർ: പറയുന്നതു കേൾക്കാനുള്ള ക്ഷമയില്ലേ? ഈ സഭയുടെ നാലുവശത്തും, ഈ സെക്രട്ടേറിയറ്റിന്റെ നാലുവശത്തുമുള്ള ഗേറ്റുകളും ഇന്നും ഇതിനുമുമ്പും കൺട്രോൾ ചെയ്തുകൊണ്ടിരുന്നത് ഗവൺമെൻറാണ്. ഈ ഗേറ്റിലും ഗേറ്റിനു അപ്പുറത്തും പോലീസിനെ നിറുത്തിയിരിക്കുന്നത് ഗവൺമെൻറാണ്. ഇതിനുമുമ്പും അങ്ങനെ ആയിരുന്നു. ഈ സഭയുടെ precincts—ൽ സി. ആർ. പി. യെ കൊണ്ടുവരാൻ യാതൊരു ഉത്തരവും കൊടുത്തിട്ടില്ല. ഈ സഭാതലത്തിൽ സ്വതന്ത്രമായി കാര്യങ്ങൾ കൈകാര്യംചെയ്യാൻ യാതൊരു തടസ്സവുമില്ലെന്നാണ് എന്റെ വിശ്വാസം. സി. ആർ. പി. യെ ഗേറ്റിൽ കൊണ്ടുവന്നു നിറുത്തിയത് ഗവൺമെൻറായിരിക്കും. അതിനെസംബന്ധിച്ച് ഇപ്പോൾ നാം ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കാൻറീനിന്റെ അവിടെ സി. ആർ. പി. യുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കൻറീനിന്റെ ഭാഗത്തു സി. ആർ. പി നിൽക്കുകയാണ്..

ശ്രീ. ഇ. എം. ജോർജ്ജ്: ഞങ്ങൾ കയറിവരുന്ന ഭാഗത്ത് സി. ആർ. പി. യുണ്ട്. ഞങ്ങൾ ഏതുവാതിലിൽകൂടി കടന്നുവരും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആർഡർ, ആർഡർ. കേരള പബ്ലിക്ക് സർവ്വീസസ് ഭേഗതി ബില്ലിന്റെ ചർച്ച തുടരാം. ശ്രീ. ജി. ഗോപിനാഥൻ പിള്ളക്കു തുടരാം.

(കമ്മ്യൂണിസ്റ്റുപാർട്ടി (മാർക്സിസ്റ്റു) യിലെ അംഗങ്ങളിൽ ചിലർ എഴുന്നേറ്റുനിന്ന് പലരീതിയിലുള്ള മുദ്രാവാക്യങ്ങളും വിളിക്കുകയും നെയിം ബോർഡുകളും എടുത്തു ഇടിച്ചു ശബ്ദമുണ്ടാക്കുകയും ചെയ്തുകൊണ്ടിരിന്നു)

ശ്രീ. ജി. ഗോപിനാഥൻപിള്ള: സർ, പബ്ലിക്ക് സർവ്വീസസ് ഭേഗതി ബില്ലിനെക്കുറിച്ചു സംസാരിക്കുമ്പോൾ.....

(സഭയിലെ ബഹളം മൂലം ശ്രീമാൻ ഗോപിനാഥൻപിള്ളയുടെ പ്രസംഗം കേൾക്കാൻ കഴിഞ്ഞിരുന്നില്ല).

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇരിയെടാ അവിടെ.

(ഈ സമയം ശ്രീ. ടി. എം. മീതിയൻ ഡയസിന്റെ സമീപത്തേയ്ക്കു വന്ന് കമ്പിവേലിയിൽ പിടിച്ചുകൊണ്ട് മുദ്രാവാക്യം വിളിക്കാനാരംഭിച്ചു. തുടർന്ന് സർവ്വശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ഇ. എം. ജോർജ്ജ്, സി. കെ. ബാലകൃഷ്ണൻ, ഇ. കെ. ഇമ്പിച്ചിബാവ, കെ. എ. രാജൻ, പി. ഗംഗാധരൻ, എ. വി. ആര്യൻ, എൻ. പ്രഭാകരത്തണ്ടാർതുടങ്ങിയ എം. എൽ. എ. മാരും ഡയസിനെ സമീപിച്ചു. അൽപനേരം അവിടെനിന്നും മുദ്രാവാക്യം വിളിച്ചുതിനുശേഷം അവരിൽ ചിലർ ഡയസിലേയ്ക്കുള്ള വഴി ചെറുത്തുനിന്നിരുന്ന ശിപായിമാരെ ബലംപ്രയോഗിച്ചു പിടിച്ചുതള്ളി ഡയസിൽ പ്രവേശിക്കുകയും മറ്റുചിലർ കമ്പിവേലിയിൽ പിടിച്ചുകയറി ഡയസിൽ പ്രവേശിക്കുകയും ചെയ്തു. ഡയസിൽ പ്രവേശിച്ചവരിൽ ചിലർ സ്പീക്കറുടെ മേശപ്പുറത്തിരുന്ന പേപ്പറുകളും വലിച്ചുകീറുകയും പേപ്പർവെയിറ്റ്, ടൈംപീസ് എന്നിവ വലിച്ചു താഴത്തേയ്ക്ക് എറിയുകയും സ്പീക്കറുടെ മുമ്പിലിരുന്ന മൈക്ക് തട്ടി താഴത്തേയ്ക്ക് ഇടുകയും ചെയ്തു. വലിച്ചെറിഞ്ഞ സാധനങ്ങളിൽ ചിലത് താഴെനിന്ന സ്റ്റാഫ് മെമ്പർമാരുടെ ശരീരത്തിൽതട്ടി താഴെ വീണു. എം. എൽ. എ. മാർ ഡയസിൽ പ്രവേശിച്ച ഉടനെ വലതുവശത്തുള്ള മാർഗ്ഗംവഴി മറ്റുചില എം. എൽ. എ. മാരും ഡയസിൽ പ്രവേശിച്ച് സ്പീക്കറുടെ വലതുഭാഗത്തായി കയറി. രണ്ടുഭാഗത്തുനിന്നും എം. എൽ. എ. മാർ ഡയസിൽ പ്രവേശിച്ചപ്പോൾ നിയമസഭാസാർജന്റ് സ്പീക്കറുടെ പ്രൈവറ്റു സെക്രട്ടറി എന്നിവരും സ്പീക്കറെ സമീപിച്ചു.

പ്രസംഗിച്ചുകൊണ്ടിരുന്ന ശ്രീ. ഗോപിനാഥൻപിള്ള ഇരുന്നു. സ്പീക്കർ എഴുന്നേറ്റു സഭ പിരിഞ്ഞതായി പ്രഖ്യാപിച്ചു).

Mr. Speaker: The House will now adjourn to meet again at 12.30 p. m.

The House adjourned at 11.36 a. m. and reassembled at 12.30 p. m.

സഭ വീണ്ടും സമ്മേളിച്ചപ്പോൾ ശ്രീ. ഇ. എം. ജോർജ്ജും ആ പാർട്ടിയിലെ മറ്റു മെമ്പർമാരും എണീറ്റുനിന്ന്, "പോലീസ് മർദ്ദനം അവസാനിപ്പിക്കുക, സി. ആർ. പി. യെ പിൻവലിക്കുക, പോലീസുരാജ് ഗുണ്ടാരാജ് ഗുണ്ടാരാജ് അവസാനിപ്പിക്കും, അച്യുതമേനോൻ അറുകൊല മേനോൻ, പോലീസ് ഞങ്ങൾക്ക് പുല്ലാണ്" എന്ന് ഉറക്കെ വിളിച്ചുബഹളമുണ്ടാക്കിക്കൊണ്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആർഡർ, ആർഡർ. ഈ സഭയിൽ വളരെ നിർഭാഗ്യകരമായ ചില സംഭവങ്ങൾ ഉണ്ടായിരിക്കുകയാണ്. ഈ സഭയുടെ ചരിത്രത്തിൽ ഒരുകാലത്തും നടന്നിട്ടില്ലാത്ത രീതിയിൽ ചില ബഹുമാനപ്പെട്ട മെംമ്പർമാർ ഇവിടെ ഡയസിൽ ചാടി കയറി സ്പീക്കറെ ഉപദ്രവിക്കുവാൻ ശ്രമിക്കയും നിയമസഭാ സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥൻമാരെ ദേഹോപദ്രവമേൽപ്പിക്കുകയും ചെയ്തു. എന്റെ നിർദ്ദേശാനുസരണം ഇവിടെ ഡ്യൂട്ടിയിലിരുന്ന ഒരു സർക്കിൾ ഇൻസ്പെക്ടറെ കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരുന്നപ്പോൾ അതികഠിനമായി മർദ്ദിച്ചു. ഈ നിലയിൽ ഈ സഭയുടെ പ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത വിധത്തിലുള്ള ഒരു സാഹചര്യം ഈ നിയമസഭയിലെ ചില അംഗങ്ങൾ സൃഷ്ടിച്ചു എന്ന വിവരം എനിക്ക് വളരെയേറെ ലജ്ജയോടുകൂടി പറയേണ്ടിയിരിക്കുന്നു. ഇവരുടെ ഈ നടപടി നമ്മുടെ നിയമസഭയുടെ സൽപ്പേരിന് കളങ്കം വരുത്തുന്നതും ജനാധിപത്യത്തിന് ദോഷകരവുമല്ലേ എന്നുള്ളത് ചിന്തിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഈ നിയമസഭാ സെക്രട്ടറിയേറ്റിൽ പ്രവൃത്തിയെടുക്കുന്ന എന്റെ സഹപ്രവർത്തകർക്കുണ്ടായ ദു:ഖത്തിൽ എന്റെ ഖേദകരമായ സഹതാപം രേഖപ്പെടുത്തുന്നു. ഈ നിയമസഭയിലെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സമായി നിൽക്കുകയും അനാവശ്യമായി പ്രവർത്തിക്കുകയും ചെയ്ത ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ സി. ബി. ചന്ദ്രശേഖരവാര്യർ, എ. വി. ആര്യൻ, ഈ. എം. ജോർജ്ജ്, ടി. എം. മീതിയൻ, പ്രഭാകരത്തണ്ടാർ എന്നിവരെ ഈ നിയമസഭയുടെ കാലാവധി വരെ സസ്പെൻഡ് ചെയ്തിരിക്കുകയാണ്, സഭാനടപടികൾ തുടർന്നു കൊണ്ടുപോകാൻ വയ്യാത്തവിധം ഈ രീതിയിൽ സഭാനടപടികളെ തടസ്സപ്പെടുത്തുന്നതിന് പരിഹാരം എന്തു ചെയ്യണമെന്നുള്ളതിനെക്കുറിച്ച് ഞാൻ കാര്യമായി ആലോചിക്കുന്നതാണ്. സഭാനടപടികൾ തുടർന്നുകൊണ്ടുപോകാൻ നിവൃത്തിയില്ലാത്ത ഈ സാഹചര്യത്തിൽ ബാക്കി നടപടികൾ നാളെ നടക്കുന്നതാണ്. ഇപ്പോൾ സഭ പിരിയുന്നതും നാളെ രാവിലെ എട്ടുമണിക്ക് വീണ്ടും കൂടുന്നതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുകയാണ്.

The Assembly adjourned at 12.50 p. m. to meet again at 8 a. m. on Friday, th 30the January 1970.

LIBRARY ARCHIVES Kerala Legislative Assembly